**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 722 30-06-2011-ൽ മറുപടിക്ക്

**നെടുമ്പനയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാസ് കമ്മ്യൂണിക്കേഷൻ**

| ചോദ്യം<br>ശ്രീ.എം.എ.ബേബി: | ഉത്തരം<br>പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|
| എ) കേരളത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാസ് കമ്മ്യൂണിക്കേഷന്റെ കാമ്പസ് ഈ വർഷം തന്നെ നെടുമ്പനയിൽ ആരംഭിക്കുമോ; | എ) കേരളത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാസ് കമ്മ്യൂണിക്കേഷന്റെ കാമ്പസ് ഈ വർഷം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്രസർക്കാരിൽനിന്ന് ഇതുസംബന്ധിച്ച് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. |
| ബി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാസ് കമ്മ്യൂണിക്കേഷൻ കേരളത്തിൽ ആരംഭിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിൽ പള്ളിമൺ വില്ലേജിൽ സ്ഥലം കണ്ടെത്തുകയും 20-01-2011 ലെ വിവര പൊതുജനസമ്പർക്ക (ഇ) വകുപ്പിന്റെ സ.ഉ.(കയ്യെഴുത്ത് ) നം.1/2011/വി.പൊ.സ.വ. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ